<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 72</u> <u>07-12-2022 - ൽ മറുപടിയ്ക്ക്</u>

<u>അട്ടപ്പാടിയിലെ ശിശുമരണം തടയാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിൽ ആദിവാസി വിഭാഗത്തിൽപെട്ട നവജാത ശിശുക്കൾ പോഷകാഹാരക്കുറവ് നിമിത്തം മരിക്കാൻ ഇടയായതായി പറയപ്പെടുന്ന സംഭവങ്ങളെ തുടർന്ന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | അട്ടപ്പാടിയിൽ ഉണ്ടായ ശിശുമരണങ്ങളെ തുടർന്ന് പട്ടികവർഗ വികസന വകുപ്പ് മുഖേന ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>അട്ടപ്പാടിയിൽ ആദിവാസി ജനവിഭാഗം ആശ്രയിക്കുന്ന കോട്ടത്തറ ഗവ. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ, പാലക്കാട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നുള്ള വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അധികമായി ഒരു ആംബുലൻസിന്റെ സേവനം പട്ടികവർഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്.<br><br>ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് സഹായം എത്തിക്കുന്നതിനായി ഹെൽപ് ഡെസ്ക് രൂപീകരിച്ച് 24 മണിക്കൂർ സേവനം ലഭ്യമാക്കി വരുന്നുണ്ട്.<br><br>അട്ടപ്പാടി ഊരുകളിലെ പട്ടികവർഗ ഗർഭിണികളുടെ വിവരങ്ങൾ ശേഖരിച്ച് പ്രത്യേകം നിരീക്ഷിച്ച് വരികയും ഒറ്റപ്പാലം സബ് കളക്ടറുടെ നേതൃത്വത്തിൽ ആയത് പ്രതിവാര അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.<br><br>ഗർഭിണികളുടെ ആരോഗ്യ പരിചരണം കൃത്യമായി ഉറപ്പ് വരുത്തുന്നതിനായി എസ്.ടി പ്രൊമോട്ടർമാർ, ഹെൽത്ത് നേഴ്സുമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർ എന്നിവർക്ക് ചുമതല നൽകി പ്രവർത്തനം പരിശോധിക്കുന്നതിനായി 3 പഞ്ചായത്തുകളിലും പ്രത്യേകം സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ഫുഡ് സപ്പോർട്ട് പ്രോഗ്രാം പദ്ധതിയിലുൾപ്പെടുത്തി ഗർഭിണികൾക്ക് പോഷകാഹാര കിറ്റ് നൽകി വരുന്നുണ്ട്.<br><br>അട്ടപ്പാടി മേഖലയിലെ ഗർഭിണികളിലെ വിളർച്ചാനിർണയം നടത്തുന്നതിന് ആരോഗ്യം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സഹായത്തോടെ ക്യാമ്പ് സംഘടിപ്പിക്കുകയും, വിളർച്ചയുള്ളവരിൽ സിക്കിൾസെൽ അനീമിയ കണ്ടെത്തുന്നതിന് സ്ക്രീനിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്.<br><br>അട്ടപ്പാടി ഐ.ടി.ഡി.പി-യുടെ കീഴിൽ 24 മണിക്കൂർ ആംബുലൻസ് സർവീസ് ലഭ്യമാക്കിയിട്ടുണ്ട്.<br><br>അർഹമായവർക്കെല്ലാം ജനനി-ജന്മരക്ഷാ പദ്ധതി പ്രകാരം പ്രതിമാസ ധനസഹായം നൽകിവരികയും, ലഭ്യമാകുന്ന തുക പോഷകാഹാരം വാങ്ങുന്നതിനായി ഉപയോഗിക്കുന്നുണ്ടെന്ന് എസ്.ടി. പ്രൊമോട്ടർമാർ മുഖേന ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്.<br><br>അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലയിലെ ആരോഗ്യ, പോഷക ക്ഷേമ പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്യുന്നതിനായി യൂണിസെഫിന്റെ സാമ്പത്തിക സഹായത്തോടെ കൺസൾട്ടന്റിനെ (ട്രൈബൽ ഹെൽത്ത് ആന്റ് ന്യൂട്രീഷൻ) നിയമിച്ച് തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>അട്ടപ്പാടിയിലെ പി.വി.ടി.ജി ഊരുകൾ കേന്ദ്രീകരിച്ച് ഇവരുടെ ആരോഗ്യ കാര്യങ്ങളിൽ നിരന്തരം ഇടപെടലുകൾ നടത്തുന്നതിനും ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിനും പ്രത്യേക മെഡിക്കൽ യൂണിറ്റ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | അട്ടപ്പാടിയിലെ ശിശുമരണം തടയാൻ നടപടികൾ സ്വീകരിക്കുമ്പോഴും ശിശു മരണങ്ങൾ ആവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | നിലവിലുള്ള ശിശുമരണങ്ങളിൽ ഭൂരിപക്ഷവും ജന്മനാലുള്ള അസുഖങ്ങൾ കാരണമോ മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസം കാരണമോ ആണ് സംഭവിച്ചതെന്ന് ആരോഗ്യ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചെറുപ്രായത്തിലുള്ള വിവാഹം, രക്തബന്ധമുള്ളവർ തമ്മിലുള്ള വിവാഹം, തുടർച്ചയായുള്ള ഗർഭധാരണം എന്നിവയും ശിശുമരണങ്ങൾക്ക് കാരണമാകാറുണ്ട്. പട്ടികവർഗ്ഗ മേഖലയിലെ ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി വിവിധ ക്ഷേമ പദ്ധതികൾ വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കി വരുന്നു. സർക്കാർ |

| | | | |
|---|---|---|---|
| | | | നടപ്പാക്കിയ പദ്ധതികളുടെ ഭാഗമായി മരണനിരക്ക് കുറഞ്ഞുവരുന്നുണ്ട്. |
| (സി) | അട്ടപ്പാടിയിലെ ആദിവാസികളുടെ നിലവിലെ അവസ്ഥയെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (സി) | അട്ടപ്പാടിയിലെ ആദിവാസികളുടെ നിലവിലെ അവസ്ഥയെക്കുറിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് പ്രത്യേകമായി ശ്രദ്ധിക്കുന്നുണ്ട്. അട്ടപ്പാടിയിൽ പ്രാദേശികമായി ഉണ്ടാകുന്ന പ്രശ്നങ്ങൾ ജില്ലാകലക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് പരിശോധിച്ച് യഥാസമയം പരിഹരിച്ച് വരുന്നുണ്ട്. അതോടൊപ്പം തന്നെ ജില്ലയിലെ എം.പി, മണ്ണാർക്കാട് നിയമസഭാ മണ്ഡലം എം.എൽ.എ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ അടങ്ങുന്നതും, ഒറ്റപ്പാലം സബ്കളക്ടർ കൺവീനറുമായുള്ള 10 അംഗ ഏകോപന സമിതി അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ അവലോകനം നടത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ